ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ബി 6/1203/2023/മെ.വി.വ.** **തീയതി: 20-10-2023**

**വിജ്ഞാപനം**

**ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2023-24**
**(പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം)**

**ജി.എൻ.എം അഡ്മിഷൻ രണ്ടാം ഘട്ടം അലോട്ട്മെന്റ് 2023 ഒക്ടോബർ 27-ന്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2023-24-ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടം അലോട്ട്മെന്റിനുശേഷം ഒഴിവുണ്ടായ **ഏഴ് (7)** സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ടം അലോട്ട്മെന്റ് **2023 ഒക്ടോബർ മാസം 27-ന് രാവിലെ 11 മണി മുതൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) വെച്ച് നടത്തുന്നു.** തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗം ആൺകുട്ടികളുടെ '1' ഒഴിവ് , എസ്.സി വിഭാഗം പെൺകുട്ടികളുടെ '3' ഒഴിവ്, കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.ടി വിഭാഗം പെൺകുട്ടികളുടെ ' 1' ഒഴിവ് , കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജിൽ എസ്.സി വിഭാഗം പെൺകുട്ടികളുടെ '2' ഒഴിവ് എന്നിവ അന്നേ ദിവസം നടത്തുന്ന ഇന്റർവ്യൂവിലൂടെ നികത്തുന്നതായിരിക്കും.

പ്രസ്തുത കോഴ്സിന്റെ അലോട്ട്മെന്റ് താഴെ നിശ്ചയിച്ചിരിക്കുന്ന പ്രകാരം അതാത് വിഭാഗത്തിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന ഒഴിവിലേക്ക് പ്രവേശനം നടത്തുന്നതാണ്. അതാത് വിഭാഗത്തിലെ സീറ്റുകളിലെ പ്രവേശനം തീരുന്ന മുറക്ക് ആ വിഭാഗത്തിന്റെ പ്രവേശന നടപടികൾ അവസാനിപ്പിക്കുന്നതായിരിക്കും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

| **റാങ്ക് വിവരം** | **ഒഴിവ്** | **സർക്കാർ നഴ്സിംഗ് കോളേജ്** |
|---|---|---|
| | | |

I/186504/2023

| | | |
|---|---|---|
| 1. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒന്നാം ഘട്ട ഇന്റർവ്യൂവിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന റാങ്ക് 1 മുതൽ 70 വരെയുള്ള പട്ടിക ജാതി വിഭാഗം പെൺകുട്ടികൾ<br>2. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒന്നാം ഘട്ട ഇന്റർവ്യൂവിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന റാങ്ക് 1 മുതൽ 17 വരെയുള്ള പട്ടിക ജാതി വിഭാഗം ആൺകുട്ടികൾ | എസ്.സി വിഭാഗം ആൺകുട്ടികൾ<br>'1'<br>എസ്.സി വിഭാഗം പെൺകുട്ടികൾ<br>' 3 ' | തിരുവനന്തപുരം |
| | എസ്.സി വിഭാഗം പെൺകുട്ടികൾ<br>' 2' | കോഴിക്കോട് |
| 3. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഒന്നാം ഘട്ട ഇന്റർവ്യൂവിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നവരും **അലോട്ട്മെന്റ്** ലഭിക്കാത്തവരുമായ റാങ്ക് 1 മുതൽ 35 വരെയുള്ള പട്ടിക വർഗ്ഗ വിഭാഗം പെൺകുട്ടികൾ | എസ്.ടി വിഭാഗം പെൺകുട്ടികൾ<br>' 1 ' | കോട്ടയം |

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുകളിൽ പറഞ്ഞ റാങ്കുകൾക്കുള്ളിൽ ഉൾപ്പെട്ടിട്ടുള്ള താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. മേൽ പറഞ്ഞ റാങ്കുകൾക്കുള്ളിൽപ്പെട്ടവരുടെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം ലഭിക്കുന്നത്. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു, കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ), റ്റി.സി എന്നിവ സഹിതം നേരിട്ടോ പ്രോക്സി മുഖാന്തിരമോ പ്രസ്തുത ദിവസം നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് www.dme.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

<u>പ്രവേശനത്തിന് ഹാജരാകുന്നതിന് മുമ്പ് ഒഴിവുകളുടെ എണ്ണവും സ്ഥലവും പ്രത്യേകം ശ്രദ്ധിക്കുക.</u>

Signed by
Saleena Shah
Date: 20-10-2023 14:59:03

വിശ്വസ്തതയോടെ,

SALEENA SHAH
JOINT DIRECTOR (NURSING)

I/186504/2023

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ,വിളര,തിരുവനന്തപുരം
4. പ്രിൻസിപ്പൽ,
സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കോട്ടയം/കോഴിക്കോട്
5. ഡി.എം.ഇ/ജെ.ഡി.എൻ.ഇ,എന്നിവരുടെ സി.എ മാർക്ക്
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അക്കാദമിക്)
7. സീനിയർ സൂപ്രണ്ട്(അക്കാദമിക്)
8. സർജന്റ്
9. നോട്ടീസ് ബോർഡ്